


## വിചിന്തനം

ജൂലൈ 2024

മെക്സിക്കോയിലെ ഗ്വാദലൂപ്പെ മാതാവിന്റെ ബസലിക്കയുടെ പുറത്തുനിൽക്കുമ്പോൾ എന്റെ മനസ്സിൽ കടുത്ത നിരാശയായിരുന്നു. കുടുംബത്തെയുംകൂട്ടി ആയിരത്തിലേറെ മൈലുകൾ താണ്ടി ഇവിടേക്കൊരു തീർഥയാത്ര നടത്തേണ്ടി യിരുന്നോ എന്ന ചോദ്യം മനസ്സിൽ നിറഞ്ഞുനിന്നു. അന്നത്തെ വിശുദ്ധ കുർബാനയിൽ, അൾത്താരയിൽ നിന്ന് ഏറെ അകലെയായിരുന്ന ഞങ്ങളുടെ ഇരിപ്പിടങ്ങൾ പോലെ, എന്റെ ഹൃദയം കർത്താവിൽ നിന്ന് ഏറെ അകലെയാണെന്ന് എനിക്കുതോന്നി. എന്തായാലും ഒന്നു മുതൽ ഒൻപതുവയസ്സുവരെ പ്രായമുള്ള നാലു മക്കളോടൊപ്പം ഇത്രയും പണവും മുടക്കി ഗ്വാദലൂപ്പെയിൽ എത്തിയിരിക്കുകയാണ്. ജീവിതത്തിൽ കർത്താവിന്റെ അത്ഭുതകരമായ എന്തെങ്കിലും ഒരു ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ തീക്ഷ്ണമായി ആഗ്രഹിച്ചു. എന്നാൽ എന്റെ മനസ്സിൽ നിറഞ്ഞത് പരാതികളും ചോദ്യങ്ങളുമായിരുന്നു. വിശുദ്ധ കുർബാനയിൽപോലും ശ്രദ്ധിക്കാനായില്ല. എങ്കിലും, ഈ വിഷമത്തിനിടയിലും അനുഗ്രഹത്തിന്റെയും പ്രചോദനത്തിന്റെയും ആശ്വാസത്തിന്റെയും മൃദുമന്ത്രണവുമായി മാതാവ് അരികിലുണ്ടെന്ന് എനിക്ക് അനുഭവപ്പെട്ടു. ഞങ്ങളുടെ സാന്നിധ്യം കർത്താവിനും അവിടുത്തെ അമ്മയ്ക്കും സന്തോഷം നൽകുന്നുവെന്ന് അപ്പോൾ എനിക്ക് ഉറപ്പായി. പലകാര്യങ്ങളും വ്യർഥമായിരുന്നുവെന്ന് തോന്നുമ്പോഴും കർത്താവിന്റെ സ്നേഹത്തിനുവേണ്ടിയാകുമ്പോൾ അതെല്ലാം വിലയുള്ളതാകുമെന്ന് എന്നെ ഓർമപ്പെടുത്തുന്നതായി ഈ തീർഥാടനം.

കർത്താവിനെ പ്രീതിപ്പെടുത്താനും അവനോടുള്ള സ്നേഹം പ്രകടിപ്പിക്കാനുമായി നാം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് കർത്താവിന് എന്തു തോന്നുന്നുണ്ടാകും? യേശുവിന്റെ പീഡാനുഭവത്തിനും മരണത്തിനും ഏതാനും ദിവസങ്ങൾക്കുമുൻപുനടന്ന ഒരു സംഭവം മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽവച്ച് ഒരു സ്ത്രീ വിലയേറിയ സുഗന്ധതൈലം യേശുവിന്റെ ശിരസ്സിൽ പൂശുന്നു. ഇതിൽ അസൂയാലുക്കളായ കാഴ്ചക്കാർ തൈലത്തിന്റെ വിലയുടെ പേരിൽ ആ സ്ത്രീയെ കുറ്റപ്പെടുത്തുകയാണ്. എന്നാൽ കർത്താവ് അവരെ തിരുത്തുകയും അവളുടെ പ്രവൃത്തിയെ അംഗീകരിക്കുകയുമാണ് ചെയ്യുന്നത്. അവൻ പറയുന്നു, ‘‘ഇവൾ എനിക്കുവേണ്ടി ഒരു നല്ലകാര്യം ചെയ്തിരിക്കുന്നു.’’ തൈലത്തിന്റെ വില പരിഗണിക്കുമ്പോൾ കാഴ്ചക്കാർ പറയുന്നതിലാണ് കാര്യമെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ യേശു ആ സ്ത്രീയുടെ പ്രവൃത്തിയെയാണു പിന്തുണച്ചത്.

യുക്തിക്കു നിരക്കുന്നതല്ല എന്നു തോന്നുന്ന കാര്യങ്ങൾ യഥാർഥത്തിൽ നല്ലതും വിലയുള്ളതുമാകുന്നത് എങ്ങനെയാണ്? ഇത്തരം പ്രവൃത്തികളെ അളക്കാൻ കഴിയുന്ന ഒരേയൊരു യുക്തി സ്നേഹത്തിന്റെ യുക്തിയാണ്. ആ സ്ത്രീയുടെ പ്രവൃത്തി യേശുവിൽ കൃതജ്ഞത നിറയ്ക്കുകയാണ്. സ്നേഹത്തിന്റെ ഈ പ്രവൃത്തിക്കായി അവൾ കൊടുക്കേണ്ടിവരുന്ന വിലയെക്കുറിച്ച് കർത്താവിന് ധാരണയുണ്ട്. അവൾ പാപിയാണെങ്കിലും ഈ പ്രവൃത്തിക്കു പിന്നിലുള്ള സ്നേഹവും കരുണയുമാണ് അവൻ കാണുന്നത്. താൻ പരിപാലിക്കുന്ന പൂന്തോട്ടത്തിലെ വിലപിടിച്ച ഒരു പൂവ് തന്റെ കുഞ്ഞുതന്നെ ഇറുക്കുന്നതു കാണുമ്പോൾ അമ്മയ്ക്ക് ദേഷ്യം തോന്നാം. എന്നാൽ കുഞ്ഞ് വളരെ സ്നേഹത്തോടെ അത് അമ്മയ്ക്കുതന്നെ സമ്മാനിക്കുകയാണെങ്കിലോ! അമ്മയുടെ ഹൃദയം അലിയുമെന്നുറപ്പാണ്. ഇത് നമുക്ക് പ്രത്യാശ പകരുന്നില്ലേ? അയോഗ്യതകളുടെ ഇടയിലും നമ്മുടെ ത്യാഗപൂർണമായ സ്നേഹം കർത്താവിന്റെ ഹൃദയത്തെ സന്തോഷമണിയിക്കും. ആ സ്ത്രീയുടെ പ്രവൃത്തിയിൽ താൻ കണ്ട സ്നേഹം കാണാൻ കഴിയാത്തതുകൊണ്ടാണ് അവൻ ആ കാഴ്ചക്കാരെ ശകാരിക്കുന്നത്.

മാനുഷിക പ്രകൃതിക്കനുസരിച്ചുള്ള കാഴ്ചപ്പാടിൽ നാം ദൈവത്തെയും നമ്മെത്തന്നെയും പരിമിതപ്പെടുത്താറുണ്ട്. എന്നാൽ ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെയും മറ്റുള്ളവരുടെയും പ്രവൃത്തികളെ നാം ദൈവത്തിന്റെ കണ്ണിലൂടെ കാണാൻ വിളിക്കപ്പെട്ടിരിക്കുകയാണ്. താൻ സ്നേഹിക്കുന്നയാൾ പറയാതെതന്നെ അയാളുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്ന ഒരാളെപ്പോലെ, ആ സ്ത്രീ സ്നേഹത്തിന്റെ പേരിൽ വിശിഷ്ടമായ തൈലം യേശുവിന്റെ ശരിസ്സിൽ ഒഴിക്കുമ്പോൾ അവളുടെ ഹൃദയവും ഒപ്പം സമർപ്പിക്കുകയാണ്. യേശുവിന്റെ ശരീരം സംസ്കാരത്തിനായി തയ്യാറാക്കാൻ ഭാഗ്യം ലഭിച്ച ഏകവ്യക്തി താനായിരിക്കുമെന്ന് അവൾ അപ്പോഴും അറിയുന്നുമില്ല. മാനവകുലത്തിനുവേണ്ടിയുള്ള പരമോന്നത ബലിയാകാനൊരുങ്ങുന്ന യേശുവിന്റെ മനസ്സിൽ അവളുടെ വിലയേറിയ ത്യാഗവും ഇടംകണ്ടെത്തുകയല്ലേ?

പഠനം, ജോലി, കുടുംബം, ശുശ്രൂഷ എന്നിങ്ങനെ ഏതു മേഖലയിലുമാകട്ടെ, നമ്മുടെ പ്രവൃത്തികളിലൂടെ കർത്താവിന്റെ ഹൃദയത്തിൽ സന്തോഷം നിറയ്ക്കാൻ അവൻ നമ്മെ വിളിക്കുകയാണ്.
മനുഷ്യബന്ധങ്ങളിലേതുപോലെയാണ് നാം കർത്താവിനെയും സ്നേഹിച്ചുതുടങ്ങുന്നത്. എന്നാൽ ആ ബന്ധം വളർന്നു പക്വമാകുന്നതോടെ, സ്വാർഥതകളെല്ലാം വെടിഞ്ഞ് നാം അവനുവേണ്ടി, അവന്റെ ഹൃദയത്തിന്റെ സന്തോഷത്തിനുവേണ്ടി അവനെ സ്നേഹിച്ചുതുടങ്ങും. ജീസസ് യൂത്ത് എന്ന നിലയിൽ സ്നേഹത്തിൽ നമുക്ക് പക്വതപ്രാപിക്കാം. നമ്മുടെ താൽപര്യങ്ങളെക്കാൾ ദൈവത്തിനു സ്നേഹമുള്ളവയെ സ്നേഹിക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ പക്കൽ വിലകൂടിയ സുഗന്ധദ്രവ്യത്തിന്റെ ചെപ്പ് ഇല്ലായിരിക്കാം. എന്നാൽ മറ്റെല്ലാം മറന്ന് യേശുവിനായി മാത്രം സ്നേഹം ചൊരിയുന്ന ഒരു ഹൃദയം നമുക്ക് സൂക്ഷിക്കാം. മറ്റുള്ളവർ നോക്കിനിൽക്കുമ്പോൾ മടികൂടാതെ യേശുവിലേക്കുമാത്രം നമ്മുടെ സ്നേഹം ചൊരിയാൻ നമുക്ക് കഴിയുമോ? പരമമായ ഈ സ്നേഹം നമുക്കുചുറ്റുമുള്ള ലോകത്തിനു മനസ്സിലാകണമെന്നില്ല. എന്നാൽ യേശുവിന്റെ ഉറച്ച വാക്കുകൾ നമുക്ക് ശക്തിപകരും. ‘നീ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു.’

**ജിലു ചെങ്ങാട്ട്**

യുണൈറ്റഡ് സ്റ്റേറ്റ്സിലെ മുൻ ജീസസ് യൂത്ത് കോഡിനേറ്ററായ ജിലു ചെങ്ങാട്ട്, ജീവിതപങ്കാളിക്കും നാലു മക്കൾക്കുമൊപ്പം മസാചുസെറ്റ്സിൽ താമസിക്കുന്നു

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*